**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 484** **24-08-2022 - ൽ മറുപടിയ്ക്ക്**

**നടുവിൽക്കരയിൽ കളിസ്ഥല നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ നടുവിൽക്കരയിൽ ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനായി 2020-21-ലെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാൽപ്പത് ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായി സമർപ്പിച്ചെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് 50 ശതമാനം ഫണ്ട് മാത്രമേ ആസ്തി വികസന പദ്ധതി പ്രകാരം വിനിയോഗിക്കാനാകൂ എന്നും 50 ശതമാനം മറ്റ് ഫണ്ടുകൾ കൂടി ചേർത്തുമാത്രമേ നടപ്പാക്കാനാകൂ എന്നും നിർദ്ദേശിച്ച് പ്രവൃത്തിയുടെ അനുമതി റദ്ദ് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഗ്രാമീണ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ പ്രോൽസാഹനം നൽകുന്ന സാഹചര്യത്തിൽ, മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തപക്ഷം ആസ്തി വികസന ഫണ്ടിൽ നിന്നും 100 ശതമാനം വിനിയോഗിക്കുന്നതിന് നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ? | (ബി) | 13.06.2022 ലെ സ.ഉ(അ)നം.65/2022/ധന ഉത്തരവ് പ്രകാരം നിയോജകമണ്ഡല ആസ്തിവികസന ഫണ്ട്, ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി **കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന ഗ്രാമീണ കളിസ്ഥല പദ്ധതിയ്ക്കായി തദ്ദേശ സ്ഥാപന ഫണ്ട് / CSR ഫണ്ടുകൾ / പൊതു സ്വകാര്യ പങ്കാളിത്തം (PPP) / മറ്റ് സർക്കാർ വിഹിതം എന്നിവയോടൊപ്പം ചേർത്തുകൊണ്ട് ഉപയോഗിക്കാം. ഒരു കളിസ്ഥലത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപ വരെ വിനിയോഗിക്കാം.**<br>പദ്ധതിയുടെ 50% തുക സർക്കാർ വിഹിതവും ബാക്കി 50% ആസ്തിവികസന ഫണ്ട് / തദ്ദേശ സ്ഥാപന ഫണ്ട് / CSR ഫണ്ടുകൾ / പൊതു സ്വകാര്യ പങ്കാളിത്തം (PPP) എന്നിവയിൽ നിന്നോ സമാഹരിക്കാം. ആസ്തിവികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ എം.എൽ.എ മാർ ശുപാർശ ചെയ്യുന്ന പക്ഷം ഗ്രാമീണ കളി സ്ഥല |

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്കായി അനുവദിക്കാവുന്നതാണ്. ഗ്രാമീണ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് മേൽ ഉത്തരവ് നിലനില്ക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തിക്ക് ആസ്തിവികസന ഫണ്ടിൽ നിന്നും 100 ശതമാനം വിനിയോഗിക്കുന്നതിന് നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ